

● ഇറ സക്സന

സുപ്രസിദ്ധ ഇന്ത്യൻ ബാലസാഹിത്യകാരി. ഡൽഹി കേന്ദ്രീകരിച്ച് കുട്ടികൾക്കായി പ്രവർത്തിക്കുന്നു

# അച്ഛൻ

"മോളേ, ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ വായോ? പാലിപ്പം തണുക്കും കെട്ടോ..."

ഏട്ടനാണ്. പാവം കുറേനേരമായി വിളിച്ചു പറയുന്നു.



ഞാൻ ഓടിച്ചാടിച്ചെന്ന് പാലെടുത്തു കുടിച്ചു.

പിന്നെ വേഗത്തിൽ എന്റെ പുതിയ ചെരുപ്പെടുത്തിട്ടു. എനിക്കൊരു പാവക്കുട്ടിയുണ്ട്. ബീറ്റ എന്നാണ് ഞാൻ വിളിക്കുക. അവളേയും എടുത്ത് ഞാൻ വരാന്തയിലേക്കോടി.

''ഏട്ടാ... ഇന്നച്ഛൻ ക്ലിനിക്കിലേക്ക് പോകുന്നില്ലെന്ന് തോന്നുന്നു.'' വളരെ സന്തോഷത്തോടെ ഞാൻ വിളിച്ചു പറഞ്ഞു.

ഏട്ടനപ്പോൾ വായനയിലായിരുന്നു. അതുകൊണ്ടാകണം മറുപടിയൊന്നും കിട്ടിയില്ല.

''ഹൊ, ഒരു പുസ്തകപ്പുഴു...''

ഡൈനിംഗ് ഹാളിന് എതിർവശത്തുള്ള റൂമിൽ ആരോടോ സംസാരിക്കുകയായിരുന്നു അച്ഛൻ. ഞാൻ അങ്ങോട്ടേക്ക് ചെന്നു.

''എന്നെപ്പോലെ അച്ഛനും ഇന്ന് ഹോളിഡേ ആണോ....?''

അച്ഛൻ അല്ലെന്ന് തലയാട്ടി. ''ഈ അപ്പൂപ്പന് തീരെ വയ്യ. അത് നമുക്ക് മറ്റിക്കൊടുക്കണ്ടേ....''

''നോക്കച്ഛാ, എന്റെ പാവക്കുട്ടിക്കും തീരെ വയ്യ. നല്ല പനിയുണ്ട്''

''മോളുടെ പാവക്കുട്ടിക്ക് അൽപം കഴിഞ്ഞ് മരുന്ന് കൊടുക്കാം കെട്ടോ. ഇപ്പോ മോള് അപ്പുറത്ത് പോയി കളിക്ക്.''

ഞാൻ തലകുലുക്കി തിരികെ നടന്നു. ഈ സമയത്ത് അച്ഛൻ സാധാരണ വീട്ടിൽ ഉണ്ടാകാറില്ല. ഞാൻ ഉറക്കമുണരും മുമ്പേ ക്ലിനിക്കിലേക്ക് പോയിട്ടുണ്ടാകും. അച്ഛൻ വളരെ ശ്രദ്ധയോടെ ആ അപ്പൂപ്പനെ പരിശോധിക്കുകയാണ്.

''ബേബി.... ബേബി.. ഇങ്ങോട്ട് നോക്ക്''

ഏട്ടനാണ്. വരാന്തയിൽ പിൻകാലിൽ ഡാൻസ് ചെയ്യുകയാണ്. ഞങ്ങളുടെ നായ്ക്കുട്ടി ടോമും അടുത്തുണ്ട്. ഏട്ടന്റെ കോമാളിത്തം കണ്ട് ഞാൻ പൊട്ടിച്ചിരിച്ചു.

''ഏട്ടാ... ബീറ്റക്ക് മരുന്നു തരാമെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്.''

''കൂടെക്കൂടെ ചുമ്മാ ചിരിക്കുന്നതിന് നിനക്കും മരുന്ന് തരാൻ ഞാൻ അച്ഛനോട് പറയുന്നുണ്ട്.'' ഏട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഞാൻ ജനലിന്റെ കർട്ടൺ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചു. വാതിലിൽ ശക്തിയായൊന്ന് ഇടിച്ചു നോക്കി. മേശക്ക് മീതെ ചാടിയോടി. കസേര തറയിലൂടെ വലിച്ചു നടന്നു.

''നോക്ക് ഏട്ടാ.... എത്ര വ്യത്യസ്തമായ ശബ്ദങ്ങളാണല്ലേ....''

''മോളേ, ഒച്ചയുണ്ടാക്കല്ലേ.... അച്ഛനെ ശല്യപ്പെടുത്തണ്ടാ...''

ഞാൻ കസേരയും വലിച്ച് അച്ഛനടുത്തേക്കോടി... അച്ഛനും കേൾക്കട്ടെ ഈ വ്യത്യസ്തമായ ശബ്ദങ്ങൾ.

''മോളേ.... വീഴും'' അച്ഛൻ വിലക്കി.

''നോക്കച്ഛാ.. ഞാൻ എല്ലാവരെക്കാളും വലുതായില്ലേ....?''

അച്ഛൻ തലകുലുക്കി സമ്മതിച്ചിട്ട് അപ്പൂപ്പനുമായുള്ള സംസാരം തുടർന്നു. ''ഇവർക്ക് എന്നെ ശ്രദ്ധിച്ചാലെന്താണ്?''

അപ്പോഴാണ് ചുമരിലുള്ള കറുത്ത ബട്ടൺ എന്റെ ശ്രദ്ധയിൽ പെട്ടത്. മുമ്പത് തൊടാൻ പോയപ്പോൾ അമ്മ വഴക്ക് പറഞ്ഞത് ഓർമ്മ

വന്നു. അതിൽ തൊട്ടാൽ വലിയ പ്രശ്നമാണെന്ന് മുമ്പൊരിക്കൽ ഏട്ടനും പറഞ്ഞിരുന്നു.

എന്താ അവർ തൊട്ടാൽ പ്രശ്നമൊന്നുമില്ലേ... അതിൽ അമർത്തുമ്പോൾ ബൾബ് കത്തും. ഞാൻ കണ്ടിട്ടുണ്ട്. ഇപ്പോൾ അതൊന്ന് തൊട്ടാലെന്താ....അച്ഛൻ സംസാരത്തിലാണ്. എന്നെ ശ്രദ്ധിക്കുന്നില്ല. ഞാൻ ആ സ്വിച്ചമർത്തി...ബൾബ് കത്തി.

അച്ഛൻ തിരിഞ്ഞു നോക്കി പറഞ്ഞു. “മോളേ ഷോക്കടിക്കും.”

ഞാനത് കാര്യമാക്കിയില്ല. പിന്നെയും പിന്നെയും സ്വിച്ച് ഓണും ഓഫും ചെയ്തു കളിച്ചു. എന്ത് രസമാണെന്നോ.. ഒടുവിൽ അച്ഛൻ ഒച്ചയിട്ടു. “ഇവിടന്ന് പോകാനല്ലേ പറഞ്ഞത്...”

അച്ഛന്റെ രൂക്ഷമായ ശബ്ദം എന്നെ ഒരു നിമിഷം സ്തംഭിപ്പിച്ചു. അച്ഛൻ ഇന്നേ വരെ ഇങ്ങനെ എന്നോട് ഒച്ചയിട്ടിട്ടില്ല. എനിക്ക് കരച്ചിൽ വന്നു. കണ്ണിൽ നിന്ന് കുടുകുടാ വെള്ളം ഒഴുകാൻ തുടങ്ങി.

ഞാൻ മേശയിൽ നിന്നിറങ്ങി ബാൽക്കണിയിലേക്കോടി. എന്തു പറ്റിയെന്നു ചോദിച്ചു വന്ന ഏട്ടനെ പിന്നിലേക്ക് തള്ളി. അച്ഛന്റെ റൂമിലെ കർട്ടൺ പിടിച്ചു വലിച്ചു.

ശേഷം റൂമിൽ ചെന്നു കിടന്നു.

അച്ഛൻ മെല്ലെ എന്റെയടുത്തേക്ക് വന്നു.

“എന്നാലും എന്നെയച്ഛൻ ചീത്ത പറഞ്ഞില്ലേ...” ഞാൻ മുഖം തിരിച്ചു.



അച്ഛൻ എനിക്ക് നെറ്റിയിലൊരു മുത്തം തന്നു.

“എന്റെ കുറുമ്പിപൂച്ച ....”

ഞാൻ ചിരിച്ചു... എന്റെ ദേഷ്യമെല്ലാം എങ്ങോട്ടാണ് പാഞ്ഞു പോയത്?

വിവർത്തനം:

● ഹന്ന സിത്താര വാഹിദ്